നമ്പർ 165/2022

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

മലങ്കര സഭയുടെ ദൈവശാസ്ത്രവും, ആരാധനയും, വിശ്വാസാചാരാനുഷ്ഠാനങ്ങളും, ചരിത്രവും വിശ്വാസികളെ അഭ്യസിപ്പിച്ച് പ്രബുദ്ധരാക്കുവാൻ സജ്ജമാക്കിയിരിക്കുന്ന അത്മായ പഠന പദ്ധതിയാണ് **'ദിവ്യ ബോധനം പാഠ്യപദ്ധതി'.** വൈദിക സെമിനാരി അദ്ധ്യാപകരുടെയും പരിശുദ്ധ സഭയിലെ വിവിധ മെത്രാസനങ്ങളിലെ വൈദികരുടെയും പഠനം പൂർത്തിയാക്കിയ അത്മായരുടെയും കൂട്ടായ പ്രവർത്തനത്താൽ ഈ പഠന പദ്ധതി ക്രമീകൃതമായി നടന്നു വരുന്നു എന്ന് നിങ്ങളെ അറിയിക്കുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ (പ്രസിഡണ്ട്), ഫാ. ഡോ. ടി. ജെ. ജോഷ്വാ (ഡയറക്ടർ), ഫാ. സി. സി. ചെറിയാൻ (ജോയിന്റ് ഡയറക്ടർ), ഫാ. ഡോ. റെജി മാത്യു (കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പാൾ), ഫാ. മാത്യൂസ് ജോൺ മനയിൽ (രജിസ്ട്രാർ), പ്രൊഫ. ഡോ. ചെറിയാൻ തോമസ് (കേന്ദ്ര ഓർഗനൈസർ), ഫാ. ഡോ. വർഗീസ് പി. വർഗീസ് (കോ-ഓർഡിനേറ്റർ) എന്നിവർ അനുഗ്രഹീതമായി ദിവ്യബോധനത്തിന് നേതൃത്വം വഹിക്കുന്നു.

ദിവ്യബോധനത്തിന്റെ പുതിയ ബാച്ചിന്റെ പഠനപദ്ധതി 2022 ജൂൺ മാസം 1-ാം തീയതി ആരംഭിക്കുകയാണ്. പുതിയ ബാച്ചിന്റെ രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾ ദിവ്യബോധനത്തിന്റെ കേന്ദ്ര ഓഫീസിൽ നിന്നും നിങ്ങളെ യഥാസമയം അറിയിക്കുന്നതാണ്. സഭാമക്കളുടെ ആത്മീയ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്ന ഈ പാഠ്യപദ്ധതിയിൽ കഴിവുള്ള എല്ലാവരും ചേർന്ന് പഠിക്കുവാനും സഭയുടെ വിശ്വാസത്തിലും ആരാധനയിലും പാരമ്പര്യത്തിലും അടിയുറച്ച് ജീവിക്കുവാനും ഉത്സാഹിക്കണമെന്ന് നാം നിങ്ങളോട് സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു. നമ്മുടെ വൈദികർ അതിനുവേണ്ട നേതൃത്വവും പ്രോത്സാഹനവും ഇടവകകളിൽ നിർവ്വഹിക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 ഏപ്രിൽ മാസം 30-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.

**No. 165/2022**

**In the blessed name of the Tri-une God, Self-existent,
Beginningless and Endless, Perfect in Being, (Glory be to Him)
Moran Mar Baselios Marthoma Mathews III Catholicos of the East and
Malankara Metropolitan enthroned on the Apostolic Throne of St. Thomas**

Blessings to our beloved Vicars of the churches, Priests of the locality, *Kaisthanees* and faithful of all the Parishes!

Our dearly beloved in the Lord,

The 'Divyabodhanam' course is a spiritual study program designed to educate and enlighten the faithful on the theology, liturgy, rituals and history of the Malankara Orthodox Church. We hereby inform you that this study program is being carried out in a systematic manner by the clergy of the Theological Seminary, the clergy of the various dioceses of our Holy Church and the graduates. Metropolitan Dr. Yakob Mar Irenaios (President), Fr. Dr. T. J. Joshua (Director), Fr. C. C. Cherian (Joint Director), Fr. Dr. Reji Mathew (Principal, Old Theological Seminary, Kottayam), Fr. Mathews John Manayil (Registrar), Prof. Dr. Cherian Thomas (Central Organizer) and Fr. Dr. Varghese P. Varghese (Co-ordinator) have been blessedly leading the Divyabodhanam.

The course for the new batch of 'Divyabodhanam' will begin on June 1, 2022. The details of registration of the new batch will be notified to you in due course from our Central Office of Divyabodhanam. We exhort you to strive to study with all those who are able in this curriculum, which works for the spiritual advancement of our Parish members, and to live firmly in the faith, worship and tradition of the Church. Our beloved Clergy should provide the necessary leadership and encouragement in the parishes to study this course.

May the Grace and Blessings of God Almighty abide with you forever. And may the prayers of the Mother of our God the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.

Our Father who art in Heaven.........................

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On April 30, 2022